പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1208 — 11.06.2019-ൽ മറുപടിക്ക്

## നെട്ടൂർ-കണ്ടന്നൂർ സമാന്തര പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ നെട്ടൂർ-കണ്ടന്നൂർ സമാന്തര പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ; | (എ) പാലത്തിന്റെയും അപ്രോച്ച് റോഡിന്റേയും പ്രവൃത്തികൾ പൂർത്തിയായി. ജല അതോറിറ്റിയുടെ ജൻറം പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കേണ്ടതിനാൽ കണ്ടന്നൂർ ഭാഗത്ത് വലതു വശത്തുള്ള സർവ്വീസ് റോഡിന്റെ പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവച്ചിരുന്നു. 27.02.2019 -ലെ സ.ഉ.(സാധാ) നമ്പർ. 294/2019/പൊ.മ.വ ഉത്തരവ് പ്രകാരം 71 ലക്ഷം രൂപ പൈപ്പ് ലൈൻ മാറ്റുന്നതിന് അനുവദിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പാലം നിർമ്മാണത്തിന് കാലതാമസം വന്നതിന്റെ കാരണം വെളിപ്പെടുത്താമോ; | (ബി) പാലത്തിന്റെ P3 പൈൽ ഗ്രൂപ്പുകളുടെ നിർമ്മാണ സമയത്ത് കായലിൽ ആഴത്തിൽ ഇട്ടിരിക്കുന്ന ജല അതോറിറ്റിയുടെ ജൻറം കുടിവെള്ള പൈപ്പും പഴയ പാലത്തിന്റെ കോൺക്രീറ്റ് അവശിഷ്ടങ്ങളും ഉള്ളതിനാൽ പൈലുകളുടെ ലൊക്കേഷൻ മാറ്റി P3 പൈലുകളും പൈൽ ക്യാപ്പും റീഡിസൈൻ ചെയ്യേണ്ടിവന്നു. അതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. ഇതുമൂലമാണ് പാലം നിർമ്മാണത്തിന് കാലതാമസം നേരിട്ടത്. |
| (സി) പാലത്തിന്റെ രൂപരേഖ തയ്യാറാക്കിയപ്പോൾ അപ്രോച്ച് റോഡിന്റെ കാര്യത്തിൽ പിശക് സംഭവിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) ദേശീയ പാതാ വിഭാഗത്തിന്റെ സ്ഥലം ഉപയോഗിച്ചുകൊണ്ടും സ്ഥലമേറ്റെടുക്കൽ ചെലവ് കുറച്ചുകൊണ്ടും നിലവിലെ റോഡുകളിലേയ്ക്ക് പാലത്തിന്റെ അപ്രോച്ച് റോഡ് എത്തിക്കുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പാലം നിർമ്മാണശേഷം ജനപ്രതിനിധികളുടെ |

ആവശ്യപ്രകാരം നെട്ടൂർ ഭാഗത്ത് നിലവിലുള്ള കുണ്ടന്നൂർ തേവര പാലത്തിലേയ്ക്കുള്ള ചവിട്ടുപടി വഴിയുള്ള യാത്രക്കാരുടെ സുരക്ഷ പരിഗണിച്ച് കൊണ്ട് അലൈൻമെന്റിൽ ചെറിയ ഭേദഗതികൾ വരുത്തേണ്ടിവന്നു,

| | |
|---|---|
| (ഡി) പാലം നിർമ്മാണത്തിന്റെ നാൾവഴി വിശദമായി അറിയിക്കുമോ? | (ഡി) **നാൾവഴി**<br>30.03.2013 - ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി.<br>24.09.2013 – കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കരാർ ഏറ്റെടുത്തു.<br>25.09.2013 – പ്രവൃത്തി ആരംഭിച്ചു.<br>നവംബർ 2015 – പി3 പൈൽ ഗ്രൂപ്പിലുള്ള പൈലുകളുടെ ക്രമീകരണത്തിൽ മാറ്റം വരുത്തി DRIQ ബോർഡിൽ നിന്നും ഡിസൈൻ ലഭിച്ചു.<br>27.04.2016 - 1st റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചു.<br>16.12.2017 - 2nd റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചു. കുണ്ടന്നൂർ ഭാഗത്തെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 71 ലക്ഷം രൂപ റിവൈസ്ഡ് എസ്റ്റിമേറ്റിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി വക കൊള്ളിച്ചിട്ടുണ്ട്.<br>12.06.2018 – 3rd റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി. ബഹു. എം.സ്വരാജ് എം.എൽ.എ-യുടെ നിർദ്ദേശപ്രകാരം നെട്ടൂർ ഭാഗത്ത് നിലവിലെ അലൈൻമെന്റിൽ മാറ്റം വരുത്തി അപ്രോച്ച് റോഡിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി.<br>08.03.2019 - ബഹു. സ്വരാജ് എം.എൽ.എ-യുടെ നേതൃത്വത്തിൽ യോഗം ചേർന്നു. കുണ്ടന്നൂർ ഭാഗത്തെ ജല അതോറിറ്റിയുടെ ജന്റം പൈപ്പ് ലൈൻ ഏപ്രിൽ മാസത്തെ രണ്ടാമത്തെ ആഴ്ചയിൽ മാറ്റി സ്ഥാപിക്കുമെന്ന് ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.<br>15.03.2019 – അപ്രോച്ച് റോഡിന്റെ ടാറിംഗ് തുടങ്ങി - ഇപ്പോൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ